## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7109

03.11.2011 ലെ മറുപടിക്ക്

### ഉപഭോക്തൃ മേഖലയ്ക്ക് പ്രത്യേക പരിഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) | |
| എ) | ഉപഭോക്തൃ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിന് സഹകരണ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | എ) | കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ 'ത്രിവേണി' വ്യാപാര ശൃംഖല വിപുലീകരിച്ച് അവയിലൂടെ ഗുണനിലവാരമുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയാണ് ഈ വിപുലീകരണ പ്രവർത്തനം നടത്തിയത്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി യൂണിറ്റുകൾ തുടങ്ങുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ ഉൽസവകാലങ്ങളിലും, വിലക്കയറ്റവും, ഭക്ഷ്യദൗർലഭ്യവും നേരിട്ട സന്ദർഭങ്ങളിലും, സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ ഈ പ്രശ്നത്തെ നേരിട്ട്, വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിച്ചു. ഉൽസവ കാലങ്ങളിൽ പ്രത്യേക ബസാറുകളിലൂടെ 21 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സീഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വിലക്കുറവിൽ ലഭ്യമാക്കുന്ന 'നന്മ' പദ്ധതിക്ക് തുടക്കമിടുകയും ഇതിനോടകം 1213 വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി കൂടുതൽ സ്ഥലങ്ങളിൽ നീതി സ്റ്റോറുകളും, നീതി മെഡിക്കൽ സ്റ്റോറുകളും തുറക്കുന്ന കാര്യം പരിഗണിക്കുമോ ; | ബി) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | സി) | എല്ലാ പഞ്ചായത്തിലും നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ 2 പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന രീതിയിൽ നീതിമെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ കുറഞ്ഞത് 150 മുതൽ 200 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്നവർക്ക് മുൻഗണന നൽകിയാണ് ഫെഡറേഷൻ ഈ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ